## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3040**

13-03-2018 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖത്തെ ദേശീയ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന ലിങ്ക് പാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന ലിങ്ക് പാത യുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ള തെന്നും എത്ര കോടി രൂപയാണ് അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (എ)യും (ബി)യും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 12 കിലോമീറ്റർ നീളം വരുന്ന റെയിൽ പാതയുടെ പ്രോജക്ക്റ്റ് റിപ്പോർട്ട് റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) മുഖാന്തിരം തയ്യാറാക്കിയിരുന്നു. എന്നാൽ RVNL മറ്റ് തിരക്കുകൾ മൂലം പദ്ധതിയിൽ നിന്നും പിൻമാറുകയാണെന്ന് അറിയിച്ചതിനെത്തുടർന്ന് കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. RVNL തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ട് കൊങ്കൺ റെയിൽ കോർപ്പറേഷന്റെ പഠനത്തിന് വിധേയമാക്കി KRCL ന്റെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് പ്രോജക്ക്റ്റ് റിപ്പോർട്ട് അന്തിമമാക്കുന്നതിനും ധാരണയായിട്ടുണ്ട്. ടി ധാരണയുടെ അടിസ്ഥാനത്തിലായിരിക്കും അന്തിമ റിപ്പോർട്ട് അനുമതിക്കായി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിക്കുന്നത്.<br><br>RVNL ന്റെ പ്രോജക്ക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ചെലവും, കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ സേവന നിരക്കുൾപ്പെടെ ഏതാണ്ട് 665 കോടി രൂപയാണ് നിർമ്മാണ ചെലവായി കണക്കാക്കിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**